## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1218 — 13.06.2013-ൽ മറുപടിയ്ക്ക്

## കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി.ജോർജ്**<br>**ഡോ.എൻ.ജയരാജ്**<br>**ശ്രീ.എം.വി.ശ്രേയാംസ് കുമാർ**<br>**,, റോഷി അഗസ്റ്റിൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നാണ് സ്ഥാപിതമായത് ; അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 1972-ൽ ആണ് സ്ഥാപിതമായത്. ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ്, പാലം, കെട്ടിടം മുതലായവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഗുണനിലവാര പരിശോധന ഈ സ്ഥാപനത്തിലെ ലാബുകൾ ചെയ്തു കൊടുക്കുക, സ്വകാര്യസ്ഥാപനങ്ങളുടെ ആവശ്യ പ്രകാരം, അവർ സമർപ്പിക്കുന്ന നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാര പരിശോധനകളും ചെയ്യുക.<br>2) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ ജീവനക്കാർക്കും സാങ്കേതികമായ എല്ലാ പരിശീലനങ്ങളും നൽകുക<br>3) റോഡ്, പാലം, കെട്ടിടം മുതലായവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഗവേഷണ പരീക്ഷണങ്ങൾ നടത്തുക.<br>4) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡ് പ്രോജക്ടുകൾക്കുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ സഹായിക്കുക<br>5. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (NIT, എഞ്ചിനീയറിംഗ് കോളേജ്) വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാബ് പരിശീലനം നൽകുക. കൂടാതെ ലാബ് സൗകര്യങ്ങൾ ഉപയോഗിച്ച് അവരുടെ പ്രോജക്ടുകളും ചെയ്യുക. |

| | | | |
|---|---|---|---|
| (ബി) | സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ക്രിയാത്മകമായ ഇടപെടലുകളാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവിർഭാവത്തോടെ ഉണ്ടായിട്ടുള്ളത് ; | (ബി) | സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സ്വയം വിലയിരുത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ റിസർച്ച് പ്രോജക്ടുകൾ, സാങ്കേതിക പ്രസിദ്ധീകരണങ്ങളുടെ പ്രസാധനം മുതലായവക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. |
| (സി) | ഈ സ്ഥാപനം സംസ്ഥാനത്തെ ഇതര ഗവേഷണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ? | (സി) | തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ഗവേഷണ കാര്യങ്ങൾക്കായി അവിടത്തെ സാങ്കേതിക പരിജ്ഞാനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ കോളേജുമായി ധാരണാപത്രം ഒപ്പുവെക്കുന്നതിനുവേണ്ടിയുള്ള കരട് പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**